E 4603 (Pages : 3) Reg. No.....

Name.....

B.A./B.Sc. (MODEL I) DEGREE (C.B.C.S.S.) EXAMINATION, NOVEMBER 2012

First Semester

Additional Language—MALAYALAM

കഥ, നോവൽ

Time : Three Hours Maximum Weight : 25

നിർദ്ദേശങ്ങൾ :

എ വിഭാഗത്തിലെ **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. ബി വിഭാഗത്തിൽ നിന്ന് ഏതെങ്കിലും **അഞ്ച്** ചോദ്യങ്ങൾക്കും സി, ഡി വിഭാഗങ്ങളിൽ നിന്ന് യഥാക്രമം **നാല്, രണ്ട്** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

വിഭാഗം എ

I. ശരിയായതു തെരഞ്ഞെടുത്തെഴുതുക :

1 "തോട്ടിയുടെ മകൻ" എഴുതിയതാര് ?

കേശവദേവ്. എം.ടി.

തകഴി. പൊൻകുന്നം വർക്കി.

2 അഖില കേരള ഗാമ എന്ന് അഖില ഭാരത പ്രശസ്തി സമ്പാദിച്ച ഗുസ്തിക്കാരൻ ആരായിരുന്നു ?

മുഹമ്മദു ഹുസൈൻ. പപ്പുപിള്ള.

മേക്കാട്ടു നാണുപിള്ള. കുഞ്ഞുമൊയ്തീൻ.

3 എം.ടി. വാസുദേവൻനായരുടെ പ്രസിദ്ധമായ നോവലാണ് :

ഭ്രാന്താലയം. അസുരവിത്ത്.

വാനപ്രസ്ഥം. ഒരു ദേശത്തിന്റെ കഥ.

4 "അവയെല്ലാം മുരുടേശ്വരന്റെ പ്രിയപ്പെട്ട ജലപുഷ്പങ്ങളാണ് "—ഏതെല്ലാം ?

മീനുകൾ. താമരകൾ.

കണ്ണടകൾ. ബാധകൾ.

II. 5 "നമ്മെ രക്ഷിക്കാൻ മറ്റാരും വരില്ല. നമ്മെ രക്ഷിക്കാൻ നമുക്കേ കഴിയൂ "—ആരുടെ വാക്കുകളാണിത് ?

ഗ്രാമത്തലവൻ. കൃഷ്ണൻകുട്ടി.

ചെറുപ്പക്കാർ. കുറുവച്ചൻ.

6 'ഗദാധരൻ ' ആരുടെ ആദ്യത്തെ പേരായിരുന്നു ?

ശ്രീരാമകൃഷ്ണപരമഹംസൻ. വിവേകാനന്ദൻ.

ശങ്കരാചാര്യർ. നാരായണഗുരു.

7 "ഗംഗ ഹിന്ദുവിന്റെയും മുസൽമാന്റെയും പുഴയാണ് സാബ് " എന്നു പറഞ്ഞതാരാണ് ?

കുഞ്ഞുണ്ണി. അള്ളാബക്സ്.

പിനാകി. റസൂൽബക്സ്.

8 'ഇതാ ഇവിടെ വരെ' എന്ന സിനിമയിൽ ക്രൂരനായ താറാവു കച്ചവടക്കാരനായി അഭിനയിച്ച നടനാര് ?

പ്രേംനസീർ. മധു.

ജയൻ. ഉമ്മർ.

III. ഒരു വാക്കിലോ, വാക്യത്തിലോ ഉത്തരം എഴുതുക :

9 ചേച്ചി കാടെവിടെ, കൂടെവിടെ മക്കളേ എന്നു നീട്ടി പാടുമ്പോൾ കുറുപ്പേട്ടൻ പാടുന്നതെന്ത് ?

10 "ഇലങ്ക മുടിഞ്ഞു—ചൂരിയൻ കെട്ടു "—എന്ന് ശൂർപ്പണഖയോട് പറഞ്ഞതാര് ?

11 "രാവണനെ കണ്ണട ഉടുപ്പിക്കാത്തതെന്തേ" ? എന്ന ജ്യോതിഷിയുടെ ചോദ്യത്തിന് ചെറുപ്പക്കാരൻ പറഞ്ഞ മറുപടിയെന്ത് ?

12 "അതിലും വലിയൊരു രുഗ്മീലമുണ്ട് "—ചേടത്തി പറഞ്ഞ ആ രുഗ്മീലമെന്തായിരുന്നു ?

IV. 13 തലയെടുത്തു പിടിച്ചു നിൽക്കുന്ന അവർക്കിടയിലൂടെ വിഭാജിക്കുന്ന പാപ്പച്ചനായിരുന്നു സേനാനായകൻ "—തലയെടുത്തു പിടിച്ചു നിൽക്കുന്നവർ ആര് ?

14 ആ വൃദ്ധനായ പുലയന്റെ ആത്മപ്രശംസയും അഭിമാനവും ഏതു കൊച്ചു വാചകത്തിലാണ് അവസാനിച്ചിരുന്നത് ?

15 ചത്തുപൊങ്ങിയ സർപ്പത്തിന്റെ നിറുകയിൽ ചവുട്ടിനിന്ന് നൃത്തം വെച്ചതാര് ?

16 ദേവകിച്ചേച്ചി എപ്പോഴും ആവശ്യപ്പെട്ടിരുന്നത് ആരുടെ നോവലുകളായിരുന്നു ?

$(4 \times 1 = 4)$

വിഭാഗം ബി

അമ്പതു വാക്കിൽ കവിയാതെ ഏതെങ്കിലും **അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക.

17 "പക്ഷേ നിർണ്ണായക മുഹൂർത്തങ്ങളിൽ ആരും വിട്ടു പോവുകയില്ല "—വിട്ടു പോകാത്തതാരാണ് ?

18 New vision glass കളുടെ പ്രത്യേകതയെന്ത് ?

19 ഓരോ ജീവിയെയും അതിന് ഇണങ്ങുന്ന ചുറ്റുപാടുകളിൽ കാണുകയാവും ഭംഗി "—ആര് ? ആരോട് ? എപ്പോൾ പറഞ്ഞ വാക്കുകളാണിത് ?

20 "നിനക്കു ഭൂമിയുടെ ഉപ്പാകുവാൻ സർവ്വശക്തൻ തരുന്ന ഒരു അവസരമാണിത് "—ആരാണിതു പറഞ്ഞത് ? സന്ദർഭമേത് ?

21 തേവപ്പുലയന്ന് തമ്പ്രാനോടുണ്ടായിരുന്ന സ്നേഹത്തിന്റെ ആഴം വ്യക്തമാക്കുക.

22 തായ്കുലം എന്ന കഥയിലെ ഭാഷയുടെ പ്രത്യേകതകളെന്ത് ?

23 സ്ഥാവരം എന്ന കഥയിലെ പത്തായം പ്രതിനിധാനം ചെയ്യുന്നതെന്ത് ?

24 ധർമ്മേന്ദ്രഘോഷാലിന്റെ മരണം സംഭവിച്ചതെങ്ങനെ ?

$(5 \times 1 = 5)$

വിഭാഗം സി

നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

25 "ഒന്നല്ല നീണ്ട പത്തൊൻപതു മാസങ്ങൾ എന്റെ ചെവികൾ മറ്റൊരു ശബ്ദവും കേട്ടിട്ടില്ല "—കേട്ട ശബ്ദമേതാണ് ? സന്ദർഭമെന്ത് ?

26 കുടജാദ്രിയിൽ കാണാനുണ്ടായിരുന്നതെന്തൊക്കെയാണ് ?

27 ഭക്ഷണം വി.കെ.എൻ. കഥകളിലെ മുഖ്യവർണ്ണനാവിഷയമാണ്. തിരുമനസ്സുകൊണ്ട് എന്ന കഥയിലെ പയ്യൻ ഇതിന്റെ ആൾരൂപമായി പ്രത്യക്ഷപ്പെടുന്നതെങ്ങനെ ? വിവരിക്കുക.

28 "ഇനി ഞാൻ നടത്തുന്ന രംഗസംവിധാനത്തിൽ നിങ്ങൾ ശ്രദ്ധിക്കേണ്ടത് ഉൾനാടൻ ക്രമത്തിലുള്ള ഒരു സിനിമാകൊട്ടകയാണ് "—കഥാകൃത്ത് വിവരിക്കുന്നതെന്ത് ?

29 "ജയമാനന്മാർക്ക് ഭ്രാന്തു പിടിച്ചതു കണ്ട് പട്ടികൾ ഉച്ചത്തിൽ ഓലിയിടുവാൻ തുടങ്ങി "—സന്ദർഭമേത് ? പരാമർശമെന്ത് ?

30 കല്യാണി എന്ന കുട്ടി കുഞ്ഞുണ്ണിയുടെ ഗുരുവായതെങ്ങനെ ?

$(4 \times 2 = 8)$

വിഭാഗം ഡി

നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക.

31 കർഷകന് മണ്ണിനോടുള്ള പ്രേമവും മനുഷ്യനോടുള്ള സ്നേഹവും വ്യക്തമാക്കുന്ന കഥയാണ് അവന് കിട്ടിയ നിധി—വിലയിരുത്തുക.

32 എം.ടി.യും സുസ്മേഷും നൊസ്റ്റാൾജിയ എങ്ങനെ കൈകാര്യം ചെയ്തിരിക്കുന്നു എന്ന് അവരുടെ കഥകൾ വിശകലനം ചെയ്ത് തെളിയിക്കുക.

33 ശിവാസി എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ ആവിഷ്കരിക്കുക.

$(2 \times 4 = 8)$